# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം-14

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: എൻ. പ്രശാന്ത് .ഐ.എ.എസ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം-പ്രോജക്ട് ഐടിഐ ആയ ഐടിഐ കയ്യൂരിൽ വൈസ് പ്രിൻസിപ്പാളിനെ നിയോഗിക്കുന്നതിനായി സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം:- 1. ശ്രീ.ബി. ജസ്റ്റിൻരാജ്, ജോയിന്റ് ഡയറക്ടർ,റീജിയണൽ ഡയറക്ടറേറ്റ് കണ്ണൂരിന്റെ 16.7.13 ലെ സമർപ്പണം.

2.ട്രെയിനിംഗ് ഡയറക്ടറുടെ 15.5.13 ലെ എ6/4737/13 നമ്പർ ഉത്തരവ്.

3.ട്രെയിനിംഗ് ഡയറക്ടറുടെ 1.6.13 ലെ എ6/4737/13 നമ്പർ ഉത്തരവ്.

4.ട്രെയിനിംഗ് ഡയറക്ടറുടെ 8.7.13 ലെ എ6/4737/13 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ.എ6/4737/13. തീയതി: 18.07.2013.**

ഈ വകുപ്പിന്റെ കീഴിൽ ഉള്ള ഐടിഐ കയ്യൂരിൽ പ്രിൻസിപ്പാൾ ക്ലാസ്-I ആയിരുന്ന ശ്രീ. സി. ഇബ്രാഹിം വിരമിച്ചതിനാലും, ടി ഐടിഐ യിലെ വൈസ് പ്രിൻസിപ്പാൾ ശ്രീ.ആർ ഉണ്ണികൃഷ്ണൻ 31.7.2013 വിരമിക്കുന്നതിന് മുന്നോടിയായി ലീവിൽ പ്രവേശിക്കുന്നതിനാലും പരാമർശം ഉത്തരവിൻ പ്രകാരം ഐടിഐ കാസർഗോഡിലെ വൈസ്പ്രിൻസിപ്പാളിന് ശ്രീ.കെ.എ നിസ്സാറിന് ഐടിഐ കയ്യൂരിലെ പ്രിൻസിപ്പാൾ ക്ലാസ്-I ന്റെയും വൈസ്പ്രിൻസിപ്പാളിന്റെയും അധിക ചുമതല നൽകിയിരുന്നു. എന്നാൽ പരാമർശം(1)പ്രകാരം പ്രോജക്ട് ഐടിഐയും ഐടിഐ കയ്യൂരിൽ മുഴുവൻ സമയത്തേക്ക് ഒരു പ്രിൻസിപ്പാൾ ക്ലാസ്-I നെയോ വൈസ്പ്രിൻസിപ്പാളിനെയോ നിയോഗിച്ചു തരണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. വകുപ്പിൽ നിലവിൽ മേൽ തസ്തികകളിൽ ഉദ്യോഗസ്ഥരെ ഉദ്യോഗക്കയറ്റം നൽകി നിയോഗിക്കുന്നതിനായി DPC(H)&DPC(L) കൂടേണ്ടതുണ്ട്. മേൽ സ്ഥാപനത്തിൽ മുഴുവൻ സമയം ഉദ്യോഗസ്ഥനെ അത്യാന്താപേക്ഷിതം ആയതിനാൽ നിലവിൽ ഐടിഐ

യിലെ പ്രിൻസിപ്പാളിന്റെയും(ക്ലാസ്-I) വൈസ് പ്രിൻസിപ്പാളിന്റെയും അധിക ചുമതല വഹിക്കുന്ന ഐടിഐ കാസർഗോഡിലെ വൈസ് പ്രിൻസിപ്പാൾ ആയി ശ്രീ.കെ.ഐ നിസ്സാറിനെ ഐടിഐ കാസർ ഗോഡ് നിന്നും ഐടിഐ കയ്യുരിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവ് ആകുന്നു.

ടിയാൻ തന്റെ വൈസ് പ്രിൻസിപ്പാൾ ഐടിഐ കാസർഗോഡിന്റെ ചാർജ്ജ് ശ്രീ. കെ.ബി നാരായണൻ, പ്രിൻസിപ്പാൾ ഐടിഐ കാസർഗോഡിന് നൽകേണ്ടതാണ്. പരാമർശം(4) പ്രകാരം ശ്രീ.കെ.എ നിസ്സാറിന് നൽകിയിരിക്കുന്ന ഐടിഐ(വ)വെസ്റ്റ് ഏളേരിയുടെ അധിക ചുമതല ടിയാൻ തുടരേണ്ടതാണ്.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ

ശ്രീ.കെ.എ നിസ്സാർ
വൈസ്പ്രിൻസിപ്പാൾ
ഐടിഐ കയ്യൂർ

പകർപ്പ്: 1. ശ്രീ.കെ.ബി നാരായണൻ
പ്രിൻസിപ്പാൾ ക്ലാസ്–1
ഐടിഐ കാസർഗോഡ്
2. അക്കൗണ്ടന്റ് ജനറൽ,കേരള
3. ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റ്
4. JDT,RDT Kannur

//ഉത്തരവിൻ പ്രകാരം//

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ

എം.18/7/2013